കോട്ടപ്പുറം—മാമലശ്ശേരി റോഡ്

620 [830] ശ്രീ. ബെന്നി ബഹനാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ഡി.ആർ.ഡി.എ. പാസ്സാക്കി പാമ്പാക്കുട ബ്ലോക്കിൽനിന്നും ഏറ്റവും മുൻഗണന കൊടുത്ത കോട്ടപ്പുറം—മാമലശ്ശേരി റോഡ് ആർ.എൽ.ഇ.ജി.പി. ലിസ്റ്റിൽ ഉൾപ്പെടുത്താത്ത വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റോഡുകൂടി ആർ.എൽ.ഇ.ജി.പി. ലിസ്റ്റിൽ ഉൾപ്പെടുത്തി ഈ വർഷം തന്നെ പണി തുടങ്ങുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആർ.എൽ.ഇ.ജി.പി. പ്രകാരം അടുത്ത റോഡു പ്രോജക്റ്റ് തയ്യാറാക്കുമ്പോൾ പ്രസ്തുത റോഡുപണിയുന്നകാര്യം പരിശോധിക്കുന്നതാണ്.

സംസ്ഥാനത്തുള്ള വില്ലേജ് എക്സ്റ്റൻഷൻ ട്രെയിനിംഗ് സെൻറുകൾ

621 [832] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വില്ലേജ് എക്സ്റ്റൻഷൻ ട്രെയിനിംഗ് സെൻറുകൾ നിലവിലുണ്ട്;

(ബി) ഈ സെൻറുകളിലെല്ലാം കൂടി ഇപ്പോൾ എത്രപേർക്ക് പരിശീലനം നൽകിവരുന്നുണ്ട്;

(സി) വി.ഇ.ഒ. മാർക്ക് എത്രനാളത്തെ ട്രെയിനിംഗാണ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത്; ട്രെയിനിംഗിന്റെ കാലാവധിഎത്ര;

(ഡി) അവർക്ക് ഇപ്പോൾ നൽകിവരുന്ന വേതനം എത്രയാണ്;

(ഇ) ഇവർക്ക് നേരത്തെ ഉണ്ടായിരുന്ന ട്രെയിനിംഗ് പിരീഡ് വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രകാലം കൂടി;

(എഫ്) ഈ കാലയളവിൽ അവർക്ക് മുഴുവൻ ശമ്പളവും കൊടുക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തു നിലപാട് എടുത്തുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മൂന്ന്.

(ബി) 565.

(സി) പുതുതായി നിയമനം ലഭിക്കുന്ന വി.ഇ.ഒ. മാർക്ക് ഒരു വർഷത്തെ പ്രീ സർവ്വീസ് ട്രെയിനിംഗാണ് നിശ്ചയിച്ചിട്ടുള്ളത്.

(ഡി) വേതനം നൽകുന്നില്ല. പ്രതിമാസം 250 രൂപ സ്റ്റൈപ്പൻറ് നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രീ–സർവ്വീസ് ട്രെയിനിംഗിന്റെ കാലാവധി ആറുമാസത്തിൽ നിന്ന് ഒരു വർഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(എഫ്) ഇല്ല.

വരൾച്ചബാധിത ബ്ലോക്കുകളിൽ ശുദ്ധജലം എത്തിക്കുന്നതിന് കേന്ദ്രസഹായം

622 [834] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചബാധിത ബ്ലോക്കുകളിൽ ശുദ്ധജലം എത്തിക്കുന്നതിന് കേന്ദ്രസഹായം ലഭിക്കുമോ; എങ്കിൽ അതിന്റെ വിശദ വിവരങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഈ പദ്ധതി ഏതെല്ലാം ബ്ലോക്കുകളിൽ എന്നുമുതൽ നടപ്പിലാക്കും;

(സി) ഓരോ ബ്ലോക്കിലും ചെലവഴിക്കുന്ന സംഖ്യയുടെ വിശദ വിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ വിഷയത്തിൽ റവന്യൂവകുപ്പിൽനിന്നും ലഭിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു. പ്രകൃതിക്ഷോഭ കെടുതികൾ കൈകാര്യം ചെയ്യുന്നതിന് വേണ്ടി സംസ്ഥാന ബഡ്ജാറിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുകയിൽ 2.5 കോടി രൂപ കേന്ദ്ര വിഹിതമാണ്. ഇതിൽ നിന്നും വില്ലേജടിസ്ഥാനത്തിൽ വരൾച്ച ബാധിതപ്രദേശങ്ങളായി പ്രഖ്യാപിച്ച സ്ഥലങ്ങളിൽ ശുദ്ധജലം വിതരണം ചെയ്യുന്നതിനുവേണ്ടി ഈ വർഷം 73 ലക്ഷം രൂപ് സംസ്ഥാന ഗവൺമെൻറ് ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്.

(ബി, സി) വരൾച്ചബാധിത പ്രദേശങ്ങൾ വില്ലേജടിസ്ഥാനത്തിൽ പ്രഖ്യാപിച്ചിരിക്കുന്നതിനാൽ ബ്ലോക്കു തിരിച്ചുള്ള വിവരം ലഭ്യമല്ല.

II. 7–7–1986–ലേയ്ക്ക് ഉത്തരം നൽകുന്നതിനുവേണ്ടി നിശ്ചയിച്ചിരുന്ന ചോദ്യങ്ങൾ. *

ദുരിതമനുഭവിക്കുന്ന മൽസ്യത്തൊഴിലാളികൾക്ക് സൗജന്യറേഷൻ

623 [189] ശ്രീ. സിറിയക് ജോൺ:
,, എ. സി. ഷൺമുഖദാസ്:
,, റ്റി. പി. പീതാംബരൻ മാസ്റ്റർ:
ശ്രീമതി റേച്ചൽ സണ്ണിപനവേലി:
ശ്രീ. ആർ. എസ്. ഉണ്ണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടലാക്രമണംമൂലം ദുരിതമനുഭവിക്കുന്ന

* 7–7–1986-ൽ ചോദ്യോത്തരവേള ഇല്ലാതിരുന്നതിനാൽ നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരമായി കണക്കാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly